കൊച്ചിയിൽ നടന്ന ബിസിനസ് സംഗമത്തിൽ പങ്കെടുത്ത കമ്പനികൾ

193 (6644) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ജൂലൈയിൽ കൊച്ചിയിൽ നടന്ന ബിസിനസ് സംഗമത്തിൽ പെട്രോ കെമിക്കൽ വ്യവസായ രംഗത്തെ എത്ര കമ്പനികൾ പങ്കെടുത്തു ; ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇതര സ്ഥാപനങ്ങൾ ഏതെല്ലാമെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുതസംഗമത്തിൽ എത്ര വിദേശ കമ്പനികൾ പങ്കെടുത്തുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) ഇതിൽ ഓരോ സംരംഭകരും എത്ര രൂപ വീതമുള്ള മുതൽമുടക്ക് നടത്തുവാൻ തയ്യാറായി എന്നറിയിക്കുമോ ;

(ഡി) ഏതെങ്കിലും സംരംഭകർ പ്രസ്തുത സംഗമത്തിൽ വച്ച് ധാരണാ പത്രത്തിൽ ഒപ്പുവച്ചുവോ എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സംഗമത്തിന്റെ നടത്തിപ്പിനും അതുമായി ബന്ധപ്പെട്ട പരസ്യപ്രചാരണങ്ങൾക്കുമായി എത്ര തുക ഏതെല്ലാമിനത്തിൽ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2013 ജൂലൈയിൽ കൊച്ചിയിൽനടന്ന ബിസിനസ് സംഗമത്തിൽ പെട്രോകെമിക്കൽ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നതും പ്രവർത്തിക്കാൻ താൽപ്പര്യം ഉള്ളതുമായ 67 കമ്പനികൾ പങ്കെടുത്തു. ഇതിൽ പൊതുമേഖലയിൽ നിന്ന് ആറ് കമ്പനികളും ഇതര മേഖലയിൽ നിന്നും 61 കമ്പനികളുമാണ് പങ്കെടുത്തത്. ബിസിനസ് സംഗമത്തിൽ പങ്കെടുത്ത സ്ഥാപനങ്ങളുടേയും മറ്റുള്ളവരുടേയും ഇനം തിരിച്ചുള്ള പട്ടിക അനുബന്ധം (I) ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത സംഗമത്തിൽ വിദേശ പ്രാതിനിധ്യമുള്ള താഴെ പറയുന്ന മൂന്ന് കമ്പനികൾ പങ്കെടുത്തു :

1. Air products - Singapore
2. Isisan Energy Solutions (P) Limited - Turkey
3. Mitsubishi Corporation India (P) Limited - Japan

(സി) സംരംഭകരുടെ മുന്നാകെ പെട്രോകെമിക്കൽ മേഖലയിലെ വ്യവസായ സാധ്യതകൾ വിശദീകരിക്കുകയാണ് ഈ ബിസിനസ് സംഗമംവഴി ചെയ്തത്. പ്രസ്തുതസംഗമത്തിൽ സംരംഭകർ മുതൽമുടക്കിനുള്ള പ്രഖ്യാപനങ്ങൾ ഒന്നും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടില്ല. ഈ സംഗമത്തിനുമുമ്പും ഇതിനുശേഷവും ഏഴ് കമ്പനികൾ പെട്രോകെമിക്കൽ മേഖലയിൽ വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള താൽപ്പര്യം പ്രകടിപ്പിച്ച് മുന്നോട്ടുവന്നിട്ടുണ്ട്. കമ്പനികളുടെ പേരും മുതൽമുടക്കും അനുബന്ധം (II) ആയി ചേർത്തിട്ടുണ്ട്.*

(ഡി) പ്രസ്തുത സംഗമത്തിൽവച്ച് ധാരണാപത്രങ്ങൾ ഒന്നുംതന്നെ ഒപ്പു വച്ചിട്ടില്ല.

(ഇ) പ്രസ്തുത സംഗമത്തിന്റെ നടത്തിപ്പിനും അതുമായി ബന്ധപ്പെട്ട പരസ്യപ്രചാരണങ്ങൾക്കുമായി 6,30,938 രൂപ ചെലവഴിച്ചിട്ടുണ്ട്. അതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

		രൂപ
സമ്മേളന വേദി, മുറി വാടക, ഭക്ഷണം	-	2,48,297
കലണ്ടറുകൾ	-	20,562
പരസ്യ ബോർഡുകൾ	-	1,28,937
വേദിയും മറ്റു ക്രമീകരണങ്ങളും	-	2,15,170
യാത്രാ ചെലവുകൾ	-	17,977
ആകെ	-	6,30,938

കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും)

194 (6645) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോമൺവെൽത്ത് ട്രസ്റ്റ്(ഏറ്റെടുക്കലും കൈമാറ്റവും) ബിൽ 2012-ന് എന്തെല്ലാം സാങ്കേതിക കാരണങ്ങളാലാണ് ബഹു. രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാത്തതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുതകാരണങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും) ബിൽ 2012, കേരള നിയമസഭ പാസാക്കി ബഹു. പ്രസിഡന്റിന്റെ അനുമതിക്കായി അയച്ചിരുന്നു. കോമൺവെൽത്ത് ഫാക്ടറിയിലെ തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട ബാദ്ധ്യത സംബന്ധിച്ച് ടി. ബില്ലിലെ 3(1), 4(7), 5(1), 18 എന്നീ ഖണ്ഡങ്ങളിൻമേൽ കേന്ദ്ര സർക്കാരിന്റെ തൊഴിൽ മന്ത്രാലയം സംസ്ഥാന സർക്കാരിൽനിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. ഇതാണ് ടി ബില്ലിന് അംഗീകാരം ലഭിക്കാത്തതിനുള്ള കാരണം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly